II ഇ.ബി. XIII- കേരള നിയമസഭ/IX-11

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂലൈ 08, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

31 (*571) തൊഴിലുറപ്പ് പദ്ധതി

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ 2013–14 സാമ്പത്തിക വർഷത്തേയ്ക്ക് അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്ത് 875.57 ലക്ഷം അവിദഗ്ദ്ധ കായിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും അതിനായി 2411.95 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. 2012–13 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 1415 കോടി രൂപ ചെലവഴിച്ചു. കേരളത്തിൽ തൊഴിലുറപ്പ് വേതനം 200 രൂപയായി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്തമായ സാഹചര്യങ്ങൾ പരിഗണിച്ച് ക്ഷീര–കാർഷിക മേഖലകളെക്കൂടി ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ

ഓപ്പറേഷൻ ഗൈഡ്‌ലൈൻസിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുണ്ടായ ഡ്യൂറബിൾ അസെറ്റ്സ് ഡോക്കുമെന്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. മേറ്റുമാർക്ക് യാത്രാപ്പടി നൽകുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. കൃത്യമായി കൂലി നൽകുന്നതിന്റെ ഭാഗമായി ഇ.എഫ്.എം.എസ്. മുഖേന ഓരോ തൊഴിലാളിയുടെയും അക്കൗണ്ടിലേയ്ക്ക് പണം മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. വയനാട് ജില്ലയിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകും. ഈ പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 9 കോടി രൂപയും ഈ സാമ്പത്തിക വർഷം 12 കോടി രൂപയും നീക്കിവച്ചിട്ടുണ്ടെന്നും പല കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഒരുപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി വ്യക്തമാക്കി.

32 (T*572) <u>പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ/അർദ്ധ

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ പട്ടികവർഗ്ഗ കുടും ബങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന അധിക മാന ദണ്ഡം പുറപ്പെടുവിക്കുകയും ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാ രായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും പ്രായപൂർത്തിയാ കാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ. വിഭാഗ ത്തിലും, ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ വിഭാ ഗത്തിലും ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അർഹ രായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സർക്കാർ അനുവദിക്കുന്ന ഒരു രൂപ നിരക്കിലുള്ള അരിയും സൗജന്യ ആരോഗ്യ ഇൻഷ്വറൻസും ഉൾപ്പെടെയുള്ള എല്ലാ ബി.പി.എൽ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ഇടമലക്കുടിയിലോ മറ്റ് കോളനികളിലോ ബി.പിഎൽ. പട്ടികയിൽ ഉൾപ്പെടുത്താൻ അർഹരായ പട്ടിക വർഗ്ഗ കുടുംബങ്ങളുണ്ടെങ്കിൽ അവരുടെ കാര്യം പ്രത്യേകമായി പരിഗ ണിക്കും. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സമയബന്ധിതമായി ബി.പി.എൽ. ലിസ്റ്റ് ഫൈനലൈസ് ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ലിസ്റ്റ് പ്രകാരം 32.29 ലക്ഷം പേർ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പട്ടികവർഗ്ഗക്കാർക്ക് സമാന മായ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്കും നൽകുന്ന കാര്യം പരിഗ ണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33 (*573) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരകൈമാറ്റം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, 73–ാം ഭരണഘടനാ ദേദഗതിയനുസരിച്ച് ഭരണഘടനയുടെ 11–ാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 29 വിഷയങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും അവയിൽ ചെറുകിട വനവിഭവ ഉല്പന്നങ്ങൾ, വൈദ്യുത വിതരണം, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കൽ, പൊതുവിതരണ സമ്പ്രദായം എന്നിവ ഒഴികെയുള്ള എല്ലാ വിഷയങ്ങളും സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ വിഷയങ്ങളും ഘട്ടംഘട്ടമായി താഴെത്തട്ടിൽ എത്തിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് അധികാരങ്ങളും ചുമതലകളും കൈമാറിയതിന് സമാനമായ രീതിയിൽത്തന്നെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ ഉതകുന്ന വിധത്തിൽ ആവശ്യമായ ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും അടിസ്ഥാന സൗകര്യങ്ങളും ആസ്തി ബാദ്ധ്യതകളും ഉൾപ്പെടെ കൈമാറുകയുണ്ടായി. കൂടുതലായി ഏതൊക്കെ വകുപ്പുകൾ/സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കും. 04–07–2000–ലെ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിൽനിന്നും 1302 ജീവനക്കാരെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം ചെയ്തെങ്കിലും ടി ജീവനക്കാർ യഥാക്രമം ജോലിയിൽ പ്രവേശിക്കാത്തത് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ 990 ക്ലാർക്കുമാരുടെയും 864 അസിസ്റ്റന്റ് സെക്രട്ടറി മാരുടെയും അധിക തസ്തികകളും പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനായി ബ്ലോക്കുതലത്തിൽ 152 എഞ്ചിനീയർമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരെ താൽക്കാലി കമായി നിയമിക്കാൻ അതത് പഞ്ചായത്തുകൾക്കുതന്നെ അധികാരം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥകൈമാറ്റവും പുനർവിന്യാസവും അധിക തസ്തി കകളും തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ പ്രവർത്തനക്ഷമമാക്കി യിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന/വേതന വ്യവസ്ഥകൾ ബന്ധപ്പെട്ട വകുപ്പുകൾ നിർണ്ണയിക്കുന്നത് അപ്രായോഗികമായതിനാൽ ഇതുൾപ്പെടെയുള്ള കാര്യ ങ്ങൾ വിവിധതലങ്ങളിൽ ചർച്ച ചെയ്ത് അധികാരവികേന്ദ്രീകരണം പൂർണ്ണമാ ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2013-14 സാമ്പത്തിക വർഷത്തേ യ്ക്കുള്ള പ്രോജക്ടുകൾ എല്ലാ പഞ്ചായത്തുകളും സമർപ്പിച്ചിട്ടുണ്ട്. തദ്ദേശഭ രണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ തിരിച്ചെടുത്തുകൊണ്ട് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും കുടുംബശ്രീയുടെ പ്രവർത്തന ങ്ങൾക്കായി അനുവദിക്കുന്ന തുക ചെലവഴിക്കുന്ന കാര്യത്തിൽ ശക്തമായ മോണിറ്ററിംഗ് നടത്തിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

34 (*574) <u>ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്ട് 1108 ME, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 1120 ME, മദ്രാസ് ടൗൺ പ്ലാനിംഗ്

ആക്ട് 1920 എന്നിവയും ടി ആക്ടുകൾക്കു കീഴിൽ തയ്യാറാക്കിയ ചട്ടങ്ങളും ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ബാധകമാകുന്ന തരത്തിൽ കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ടും, ഇന്ത്യൻ ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ, 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് അനുയോജ്യമായ വിധമാക്കികൊണ്ടും സംസ്ഥാനത്ത് ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും നഗരഗ്രാമ പ്രദേശങ്ങളുടെ വളർച്ച ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ നഗരാസൂത്രണ വകുപ്പിന്റെ പരിഗണനയിലാണ്. മുനിസിപ്പാലിറ്റികൾക്ക് അയച്ചുകൊടുത്തിരിക്കുന്ന മാസ്റ്റർപ്ലാനുകൾ തിരികെ ലഭിക്കുന്ന മുറയ്ക്ക് അവ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും അസറ്റ് ക്രിയേഷൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും സ്വകാര്യ പങ്കാളിത്തത്തോടുകൂടി വ്യവസായ വകുപ്പ് നടപ്പിലാക്കിയ ജിം പോലുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും ഇതിനായി ഏകദേശം 2000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5845 മുതൽ 6034 വരെയുള്ള ചോദ്യങ്ങളിൽ 19 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)